## ഊർജ്ജ ഓഡിറ്റിംഗ്

77 (5538) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് ഊർജ്ജ ഓഡിറ്റിംഗ് പദ്ധതി പ്രകാരം മുൻ ഗവൺമെന്റ് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ രംഗത്ത് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ

(ബി) ഈ പദ്ധതി അനുസരിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഊർജ്ജ ഓഡിറ്റിംഗ് പദ്ധതിപ്രകാരം മുൻ ഗവൺമെന്റ് ഊർജ്ജ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- സംസ്ഥാനത്തെ എല്ലാ വൻകിട (HT/EHT) വൈദ്യുതി ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി.
- പൊതു കെട്ടിടങ്ങളെ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിനായി മുപ്പതോളം സ്ഥാപനങ്ങളിൽ ഇൻവസ്റ്റ്മെന്റ് ഗ്രേഡ് ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ ഊർജ്ജലാഭം നേടാമെന്ന് കണ്ടെത്തുകയും 8 സ്ഥാപനങ്ങളിൽ റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചിട്ടുണ്ട്.

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ് ഭവൻ, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

3. സിവിൽസ്റ്റേഷൻ, കോഴിക്കോട്

4. സിവിൽസ്റ്റേഷൻ, തൃശ്ശൂർ

5. സിവിൽസ്റ്റേഷൻ, എറണാകുളം

6. സിവിൽസ്റ്റേഷൻ, കോട്ടയം

7. ഹൈക്കോടതി കെട്ടിടം, കൊച്ചി

8. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വൻകിട ഉപഭോക്താക്കൾ, ആശുപത്രികൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ തുടങ്ങിയവയിൽ എനർജി ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്.

(ബി&സി) വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി നാളിതുവരെ ഇ.എം.സി. 36 സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായുള്ള ഈ എനർജി ഓഡിറ്റ് സ്ഥാപനങ്ങളുടെ പട്ടിക ഇ.എം.സി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതു/സർക്കാർ മേഖലയിൽ ഊർജ്ജ ഓഡിറ്റ് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിലെ HT/EHT ഊർജ്ജ ഉപഭോക്താക്കളായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 50% (പരമാവധി 50,000 രൂപ) നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി 2016-17 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏകദേശം 10.25 ലക്ഷം സ്ക്വയർ ഫീറ്റ് കെട്ടിടത്തിൽ സമഗ്ര എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു. ഊർജ്ജ ഓഡിറ്റിംഗിനായി ആവശ്യമുള്ള എല്ലാ സൂക്ഷ്മ ഉപകരണങ്ങളും കെ.എസ്.ഇ.ബി. ലഭ്യമാക്കിയിട്ടുണ്ട്.

## സോളാർ വൈദ്യുതി

78 (5539) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly